**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6235** **10-11-2021 - ൽ മറുപടിയ്ക്ക്**

**കയ്യേറിയ ഭൂമി തിരിച്ചുപിടിച്ച് ഉപയോഗപ്രദമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളുടെയും റോഡുകളുടെ വശങ്ങളിലുമുള്ള ഭൂമികയ്യേറ്റം കണ്ടെത്തുന്നതിനും അവ തിരിച്ചുപിടിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളുടെയും റോഡുകളുടെ വശങ്ങളിലുമുള്ള ഭൂമികയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള ചുമതല 1999 ലെ ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് പ്രകാരം അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കാണ്. ഏതെങ്കിലും തരത്തിലുള്ള കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്കുഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം കൈയ്യേറ്റം തടയുന്നതിനും നീക്കം ചെയ്യുന്നതിനുമായി നിശ്ചിത സമയപരിധി നിർണ്ണയിച്ച് നോട്ടീസ് നൽകുകയും, അതിൻപ്രകാരം മാറാത്തവർക്കെതിരെ പിഴ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും, പോലീസ് സാന്നിദ്ധ്യം ആവശ്യമുള്ള പക്ഷം അത് ലഭ്യമാക്കി കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ ഫുട്പാത്ത് കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനായി ബഹു. ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം ഓപ്പറേഷൻ ഫുട്പാത്ത് നടപ്പിലാക്കി വരുന്നു. കൈയ്യേറ്റം ഉള്ളതായി കണ്ടെത്തിയാൽ കൃത്യമായി അതിര് തിട്ടപ്പെടുത്തി ഫെൻസിംഗ് ചെയ്തു PWD ലാന്റ് സംരക്ഷിക്കുകയും ചെയ്തുവരുന്നു. |
| (ബി) | ഇത്തരത്തിലുള്ള സ്ഥലങ്ങൾ അതത് പ്രദേശത്തിന്റെ സാധ്യതകൾക്കനുസരിച്ച് വിശ്രമകേന്ദ്രങ്ങൾ, പൂന്തോട്ടങ്ങൾ, ഔഷധ കൃഷിത്തോട്ടങ്ങൾ തുടങ്ങിയവ നിർമ്മിച്ച് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തുനടപ്പിലാക്കുമോ; വ്യക്തമാക്കാമോ; | (ബി) | കൈയ്യേറ്റം ഒഴിപ്പിച്ച സ്ഥലങ്ങളിൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാവുന്നതാണ്. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ഉള്ള റോഡ് വശങ്ങളിൽ ലഭ്യമായിട്ടുള്ള സ്ഥലങ്ങളിൽ take a break പദ്ധതിയിൽ ഉൾപ്പെടുത്തി വഴിയോര വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടന്നു വരുന്നു. |

| | | | |
|---|---|---|---|
| | | | ദേശീയപാത വിഭാഗത്തിനു കീഴിൽ കോഴിക്കോട് ജില്ലയിൽ പഴയ ദേശീയപാത 66-ൽ അരീക്കോട് ജംഗ്ഷൻ മുതൽ മോഡേൺ ജംഗ്ഷൻ വരെയുള്ള ഭാഗത്ത് അനധികൃതമായി പാർക്ക് ചെയ്ത വാഹനങ്ങൾ ഒഴിവാക്കിയ ഭാഗം ഉൾപ്പെടുത്തി 1.1 കി.മീ റോഡിനെ 4 വരി പാതയും, നടപ്പാത, അമിനിറ്റി സെന്റർ, കിയോസ്കുകൾ, വേസ്റ്റ്ബിൻ, ഫുട്പാത്ത്, ടോയിലെറ്റ്, ഗ്രീൻ സ്പേസ്, ഗാർഡനിംഗ്, ലൈറ്റ്നിംഗ് എന്നിവ ഉൾപ്പെടെയുള്ള മാതൃകാറോഡ് നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കിവരുന്നു. |
| (സി) | ഇത്തരം പ്രവൃത്തികൾ ഏറ്റെടുത്തുനടത്തുന്നതിന് പ്രാദേശികമായ സ്ഥാപനങ്ങളോ സംഘങ്ങളോ മുന്നോട്ടുവരുന്ന സാഹചര്യത്തിൽ കരാർ വ്യവസ്ഥയിൽ അവരെ പങ്കാളികളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | കൈയ്യേറ്റം ഒഴിപ്പിച്ച സ്ഥലങ്ങളിൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാവുന്നതാണ്. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ഉള്ള റോഡ് വശങ്ങളിൽ ലഭ്യമായിട്ടുള്ള സ്ഥലങ്ങളിൽ take a break പദ്ധതിയിൽ ഉൾപ്പെടുത്തി വഴിയോര വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടന്നു വരുന്നു. ദേശീയപാത വിഭാഗത്തിനു കീഴിൽ കോഴിക്കോട് ജില്ലയിൽ പഴയ ദേശീയപാത 66-ൽ അരീക്കോട് ജംഗ്ഷൻ മുതൽ മോഡേൺ ജംഗ്ഷൻ വരെയുള്ള ഭാഗത്ത് അനധികൃതമായി പാർക്ക് ചെയ്ത വാഹനങ്ങൾ ഒഴിവാക്കിയ ഭാഗം ഉൾപ്പെടുത്തി 1.1 കി.മീ റോഡിനെ 4 വരി പാതയും, നടപ്പാത, അമിനിറ്റി സെന്റർ, കിയോസ്കുകൾ, വേസ്റ്റ്ബിൻ, ഫുട്പാത്ത്, ടോയിലെറ്റ്, ഗ്രീൻ സ്പേസ്, ഗാർഡനിംഗ്, ലൈറ്റ്നിംഗ് എന്നിവ ഉൾപ്പെടെയുള്ള മാതൃകാറോഡ് നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ